ദേശാഭിമാനി BETA
Sep 24, 2016

# സിഎംഎഫ്ആർഐ കൂടുമത്സ്യക്കൃഷി മാതൃകയ്ക്ക് ദേശീയ അംഗീകാരം

**കൊച്ചി** > കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) വികസിപ്പിച്ച കൂടുമത്സ്യകൃഷി സമ്പ്രദായത്തിന് ദേശീയ അംഗീകാരം. സിഎംഎഫ്ആർഐയുടെ വെരാവൽ റീജണൽ സെന്ററിനു കീഴിൽ നടന്ന കടൽ കൂടുകൃഷി സംരംഭത്തിൽ മികച്ച നേട്ടം കൈവരിച്ചതിന് ഗുജറാത്തിലെ സീദി ഗോത്രവിഭാഗത്തിൽനിന്നുള്ള ഹസൻഭായി മുസംഗര ജുമാഭായിക്കാണ് രാജ്യത്തെ ഏറ്റവും വലിയ അംഗീകാരമായ പണ്ഡിറ്റ് ദീൻദയാൽ ഉപാധ്യായ കൃഷിപുരസ്കാരം ലഭിച്ചത്.

കാർഷികമേഖലയിൽ നൂതനമായ കൃഷിരീതികൾ പരീക്ഷിച്ച് മികവുതെളിയിക്കുന്നവർക്ക് കേന്ദ്ര കാർഷികമന്ത്രാലയത്തിനു കീഴിലുള്ള ഐസിഎആർ എല്ലാ വർഷവും നൽകുന്ന പുരസ്കാരമാണിത്. 50,000 രൂപയും പ്രശസ്തിപത്രവും അടങ്ങുന്നതാണ് പുരസ്കാരം. 2011ൽ സിഎംഎഫ്ആർഐ വികസിപ്പിച്ചു നൽകിയ കൂടുമത്സ്യകൃഷി മാതൃക ഉപയോഗിച്ച് മത്സ്യോൽപ്പാദനരംഗത്ത് രാജ്യത്തുതന്നെ മികച്ച നേട്ടം കൈവരിച്ച സഹകരണ ഫിഷറീസ് സംഘടനയായ ഭാരത് അദിംജുത് മത്സ്യോദ്യോഗ് മണ്ഡലിയുടെ തലവനാണ് ഹസൻഭായ്. സിഎംഎഫ്ആർഐ നൽകിയ ആറ് മീറ്റർ വ്യാസമുള്ള 22 കൂടുകൾ ഉപയോഗിച്ചാണ് ഹസൻഭായിയും സംഘവും മോത, കൊഞ്ച് എന്നീ മത്സ്യങ്ങൾ വൻതോതിൽ ഉൽപ്പാദിപ്പിച്ചത്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ സിഎംഎഫ്ആർഐയുടെ സാങ്കേതികസഹായത്തോടെ കടലിൽ 800 ഓളം കൂടുകൃഷി സംരംഭങ്ങൾ നടന്നുവരുന്നുണ്ട്.